# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1766

## 04-05-2017 ൽ മറുപടിക്ക്

**കിഫ്ബി അനുമതി നൽകിയ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആറന്മുള നിയോജക മണ്ഡലത്തിൽ "കിഫ്ബി" അനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണം ഏത് മാസം ആരംഭിക്കും; | ആറന്മുള നിയോജക മണ്ഡലത്തിൽ മഞ്ഞനിക്കര — ഇലവുംതിട്ട — കിടങ്ങൂർ - മുളക്കുഴ റോഡ്, കോഴഞ്ചേരി പുതിയ പാലം, കോഴഞ്ചേരി - മണ്ണാറക്കുളഞ്ഞി റോഡ് എന്നീ പദ്ധതികൾക്ക് 21.3.2017 ൽ കൂടിയ കിഫ് ബോർഡിന്റെ 28 ാമത് ബോർഡ് യോഗം വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ ടെൻഡർ / സ്ഥലമേറ്റെടുപ്പ് നടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി പൂർത്തിയാക്കുന്ന മുറയ്ക്ക് അവർ നിർമ്മാണ പ്രക്രിയ ആരംഭിക്കുന്നതാണ്. തുടർന്ന് കിഫ്ബി ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) ആറന്മുള നിയോജക മണ്ഡലത്തിൽ നിർമ്മാണം മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട പദ്ധതികളും 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും, കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളൊന്നും മുടങ്ങിക്കിടക്കുന്നില്ല. ഇവയെല്ലാം നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടങ്ങളിലാണ്. |
| (സി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതുമാസത്തിൽ പുനാരാരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ